III ഇ.ബി. XII-കേരള നിയമസഭ/IV-4

**പന്ത്രണ്ടാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നിയമസഭാ നടപടികളുടെ ചുരുക്കം**

**2007 മാർച്ച് 7, ബുധൻ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം (*61, *62 & *63) സഭയിൽ ഉന്നയിക്കുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

## II അടിയന്തിരപ്രമേയം

50 ലക്ഷത്തിൽപ്പരം ആളുകൾ ഉപയോഗിച്ചുവരുന്ന പെരിയാറിലെ ജലം കല്ലാർകുട്ടി ഡാം തുറന്നുവിട്ടതുമൂലം മലിനീകരിക്കപ്പെട്ടതിനാൽ വ്യാപകമായ തോതിൽ ജലജന്യരോഗങ്ങൾ പടർന്നുപിടിക്കുന്നതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. വി.ഡി. സതീശനും മറ്റ് നാലംഗങ്ങളും നൽകിയ അടിയന്തിര പ്രമേയത്തിന് ജലവിഭവ വകുപ്പു മന്ത്രിയും പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിയും

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയും നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവതരണാനുമതി നിഷേധിച്ചു.

## III ശ്രദ്ധ ക്ഷണിക്കൽ

(1) 2006–ലെ കേരള രജിസ്ട്രേഷൻ ഓഫ് മാര്യേജ് (കോമൺ) റൂൾസ് നടപ്പിലാക്കിയാൽ ഉണ്ടായേയ്ക്കാവുന്ന ബുദ്ധിമുട്ടുകളിലേയ്ക്ക് ശ്രീ. എം. ഉമ്മർ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) കേന്ദ്ര സർക്കാർ ഭക്ഷ്യ എണ്ണയുടെ തീരുവ കുറച്ചതിനാലും കാർഷിക പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കാത്തതിനാലും കേരളത്തിലെ കർഷകർ അനുഭവിക്കുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകളിലേയ്ക്ക് ശ്രീ. എം. മുരളി പെരുനെല്ലി കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

## IV സബ്മിഷൻ

(1) സർക്കാർ സ്ഥാപനങ്ങളിലെ വെബ്സൈറ്റുകൾ അപ്ഡേറ്റ് ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. സാജു പോൾ ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(2) അടൂരിൽ സാമൂഹ്യവിരുദ്ധരുടെ ശല്യം ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷണൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(3) കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് ശ്രീ. എൻ. അനിരുദ്ധൻ ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

(4) സംഘർഷത്തെത്തുടർന്ന് അറസ്റ്റ് ചെയ്യപ്പെട്ട ചങ്ങനാശ്ശേരിയിലെ റെജി പോത്തൻ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കപ്പെട്ടത് സംബന്ധിച്ച് ശ്രീ. സി.എഫ്. തോമസ് ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(5) നാളികേരത്തിന്റെ വിലയിടിവുമൂലമുണ്ടായിട്ടുള്ള പ്രശ്നം സംബന്ധിച്ച് ശ്രീ. പി. വിശ്വൻ ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

(6) പാചകവാതക വിതരണം നടത്തുന്ന ഓയിൽ കമ്പനികൾക്ക് ലഭിച്ച നികുതിയിളവിന്റെ ആനുകൂല്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച് ശ്രീ. വി.ഡി. സതീശൻ ഉന്നയിച്ച സബ്മിഷന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി മറുപടി നൽകി.

(7) ഡോക്ടർമാരുടെ അഭാവംമൂലം ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ശ്രീ. കെ. അജിത് ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി

(8) മലങ്കര ഓർത്തഡോക്സ് സഭയിലെ തിരുമേനിമാരുടെ നേതൃത്വ ത്തിൽ നടന്ന സെക്രട്ടേറിയറ്റ് മാർച്ച് സംബന്ധിച്ച് ശ്രീ. ജോസഫ് എം. പുതുശ്ശേരി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(9) പെരിന്തൽമണ്ണ – മാനത്തുമംഗലം ബൈപാസിന്റെ രണ്ടാം ഘട്ട നിർമ്മാണം സംബന്ധിച്ച് ശ്രീ. വി. ശശികുമാർ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(10) റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് ശ്രീ.കെ. ശിവദാസൻ നായർ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി മറുപടി നൽകി.

(11) മഞ്ചേശ്വരം മണ്ഡലത്തിൽ തുളു അക്കാഡമി സ്ഥാപിക്കുന്നത് സംബന്ധിച്ച് ശ്രീ.സി.എച്ച്. കുഞ്ഞമ്പു ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(12) തീരദേശ മേഖലയിലെ മൽസ്യത്തൊഴിലാളികൾക്ക് പട്ടയം ലഭിക്കാത്തതുമൂലമുള്ള പ്രശ്നം സംബന്ധിച്ച് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഉന്നയിച്ച സബ്മിഷന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി മറുപടി നൽകി.

(13) മുല്ലപ്പെരിയാർ ഡാമിനുപകരം പുതിയ ഡാം നിർമ്മിക്കുന്നത് സംബന്ധിച്ച് ശ്രീ. റോഷി അഗസ്റ്റിൻ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

## V **ക്രമപ്രശ്നം**

നിയമസഭയിൽ ചോദ്യങ്ങൾ ചോദിക്കാനും അതിന് ഉത്തരം ലഭിക്കാനുമുള്ള അംഗങ്ങളുടെ അവകാശം പലപ്പോഴായി ഹനിക്കപ്പെട്ടുകൊണ്ടിരി

ക്കുന്നുവെന്നും രണ്ടാം സമ്മേളനത്തിൽ കൊടുത്ത ചോദ്യങ്ങൾക്ക് കഴിഞ്ഞ ആഴ്ചവരെ ഉത്തരം കിട്ടിയെന്നും ഈ സമ്മേളനം തുടങ്ങിയതിനു ശേഷം കൊടുത്ത പല ചോദ്യങ്ങൾക്കും വിവരം ശേഖരിച്ചുവരുന്നു എന്ന മറുപടിയാണ് കിട്ടിയിരിക്കുന്നതെന്നും പലതിനും ഉത്തരംതന്നെ കിട്ടാറി ല്ലെന്നും ഉത്തരം കിട്ടുന്നതിന് അനന്തമായ കാലതാമസം ഉണ്ടാക്കുന്നത് കാലിക പ്രസക്തിയുള്ള പല പ്രശ്നങ്ങളേയും മറച്ചുവയ്ക്കാനാണെന്നും ശ്രീ. സി.പി. മുഹമ്മദ് ഉന്നയിച്ച ക്രമപ്രശ്നത്തിന് ഇത്തരത്തിൽ ഒരു പൊതു പ്രസ്താവന നടത്തിയത് ശരിയല്ലെന്നും സ്പെസഫിക്കായി പറയുകയാണെ ങ്കിൽ മന്ത്രിമാർ കൂട്ടായി പരിശോധിച്ച് അതിന് പരിഹാരമുണ്ടാക്കുന്ന താണെന്നും നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജന ക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി അറിയിച്ചു. ചോദ്യങ്ങൾക്ക് യഥാസമയം മറുപടി കിട്ടുന്നില്ലെന്നുള്ളത് എല്ലാ സഭകളിലും അംഗങ്ങൾ ഉന്നയിക്കുന്ന കാര്യമാണെന്നും ഈ സഭാ സമ്മേളനം തുടങ്ങിയതിനുശേഷം അതിന്റെ വിശദാംശങ്ങൾ പരിശോധിക്കുകയുണ്ടായിയെന്നും ആദ്യത്തെ ദിവസം നക്ഷത്രചിഹ്നമിട്ടതും നക്ഷത്രചിഹ്നമിടാത്തതുമായി 225 ചോദ്യ ങ്ങൾ വന്നതിൽ 162 എണ്ണത്തിനും രണ്ടാമത്തെ ദിവസത്തെ 238 ചോദ്യ ങ്ങളിൽ 145 എണ്ണത്തിനും മൂന്നാമത്തെ ദിവസത്തെ 249 ചോദ്യങ്ങളിൽ 113 എണ്ണത്തിനുമാണ് മറുപടി ലഭിച്ചതെന്നും മറുപടി ലഭ്യമാക്കാതിരിക്കുന്നത് നല്ല പ്രവണതയല്ലെന്നും ചോദ്യങ്ങൾക്ക് കൃത്യമായി മറുപടി ലഭ്യമാക്കാൻ മന്ത്രിമാർ ശ്രദ്ധിക്കണമെന്നും ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകി.

## VI ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

നന്ദിപ്രമേയത്തിന്മേലുള്ള ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സർവ്വശ്രീ വർക്കല കഹാർ, കെ.സി. കുഞ്ഞിരാമൻ, സി.ടി. അഹമ്മദ് അലി, വി.എസ്. സുനിൽ കുമാർ, കെ.ടി. ജലീൽ, പി.ജെ. ജോസഫ്, രാമചന്ദ്രൻ കടന്നപ്പള്ളി, എസ്. രാജേന്ദ്രൻ, സി. എഫ്. തോമസ്, ആനത്തലവട്ടം ആനന്ദൻ, പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടി എന്നീ അംഗങ്ങൾ സംസാരിച്ചു.

ചർച്ചയ്ക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി, ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി, ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി, ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി, മുഖ്യമന്ത്രി എന്നിവർ മറുപടി നൽകി.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു..

നന്ദിപ്രമേയം 36 –നെതിരെ 86 വോട്ടുകളോടെ സഭ അംഗീകരിച്ചു.

2007 മാർച്ച് 8–ാം തീയതി വ്യാഴാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.21 –ന് പിരിഞ്ഞു.